**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4523** **19-03-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ; | (എ) | ചാലക്കുടി മണ്ഡലത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള നാല് ഗ്രാമങ്ങളിൽ പുലിപ്പാറക്കുന്ന്, കുറ്റിച്ചിറ വെസ്റ്റ്, കാഞ്ഞിരപ്പിള്ളി എന്നീ ഗ്രാമങ്ങളുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കലിക്കൽക്കുന്ന് ഗ്രാമത്തിന്റെ പ്രവർത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>2019-20 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റിച്ചിറ ഈസ്റ്റ് നഗറിന്റെ ഫൈനൽ ബിൽ ഏജൻസി സമർപ്പിച്ചിട്ടുണ്ട്. തുപ്പാപ്പിള്ളി നഗർ (2020-21) നഗറിന്റെ പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഏജൻസിയെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈലാത്ര നഗറിന്റെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ് മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. ചുർക്കമറ്റം ഗ്രാമത്തിൽ (2021-22) 11 വീടുകളുടെ വാട്ടർ പ്രൂഫിംഗ് പൂർത്തീകരിക്കുകയും ഒന്നും രണ്ടും പാർട്ട് ബില്ലുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വി ആർ പുരം ഗ്രാമത്തിന്റെ (2021-22) നവീകരണത്തിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുവക്കാട്ട്കുന്ന് നഗർ (2022-23) കരട് എസ്റ്റിമേറ്റ് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നഗറുകളിലെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ